"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ലയിലെ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ- 2024-25 അദ്ധ്യയന വർഷത്തേക്ക് സ്കൂൾ യൂണിഫോമിന് ആവശ്യമായ തുണി വാങ്ങിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.330/2025/SCSTD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 03/03/2025 ലെ SCDD/5258/2024-D2 (EDN D) നം കത്ത്

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ലയിലെ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ 240 വിദ്യാർത്ഥികൾക്ക് 2024-25 അദ്ധ്യയന വർഷത്തേക്ക് 10.07.2024 ൽ ടെണ്ടർ നടപടി കൂടാതെ യൂണിഫോമിന് ആവശ്യമായ തുണി വാങ്ങിയ ഇനത്തിൽ സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ കണ്ണൂർ ഷോറൂമിന് 16,52,564/- (പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിനാല് രൂപ മാത്രം) രൂപ അനുവദിക്കണമെന്നും സ്കൂൾ യൂണിഫോം കൃത്യസമയത്ത് വിതരണം ചെയ്യുന്നതിലേയ്ക്കായി ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഇപ്രകാരം സ്കൂൾ യൂണിഫോം വാങ്ങിയ നടപടി പ്രത്യേക കേസായി പരിഗണിച്ച് സാധൂകരണം നൽകണമെന്നും പരാമർശ കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെൻഡർ ഇളവ് പ്രാബല്യത്തിലില്ലാത്ത കാലയളവിൽ സ്റ്റോർ പർച്ചേസ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള ടെൻഡർ/ക്വൊട്ടേഷൻ നടപടികളിലൂടെ ഉത്പന്നങ്ങൾ വാങ്ങേണ്ടതാണെന്നും ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി 2024-25 അദ്ധ്യയന വർഷത്തേക്ക്

ടെണ്ടർ നടപടി കൂടാതെ വിദ്യാർത്ഥികൾക്ക് യൂണിഫോമിനാവശ്യമായ തുണി വാങ്ങിയ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ നടപടി സാധൂകരിച്ചുകൊണ്ടും കേരള സ്റ്റേറ്റ് ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ കണ്ണൂർ ഷോറൂമിന് നൽകുന്നതിനായി 16,52,564/-(പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിനാല് രൂപ മാത്രം) രൂപ 2225-01-277-57 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
സ്റ്റേറ്റ് പർച്ചേസ് & സർവീസ് വകുപ്പ് (23/4/2025 ലെ PPAD/A3/2025/PPAD പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 20-05-2025 16:27:10
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.